# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26



# ആരോഹൺ

## എ.യു.പി.എസ്. പയ്യനെടം

## 2025 - 26

# എ.യു.പി. സ്കൂൾ, പയ്യനെടം
# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

ഒരു ജനതയെ നശിപ്പിക്കാൻ അവരുടെ വിദ്യാഭ്യാസ പ്രക്രിയയിൽ കൈകടത്തിയാൽ മതിയെന്ന പഴമൊഴിയിൽ തന്നെ വിദ്യാഭ്യാസത്തിന് എത്ര വലിയ സ്ഥാനമാണുള്ളത് എന്ന് മനസ്സിലാക്കാം. തകർച്ചയെ നേരിടുന്ന കാർഷിക, പാരിസ്ഥിതിക, സാമൂഹ്യ, സാംസ്കാരിക, ആരോഗ്യമേഖലകളുടെ ഉണർവിനുവേണ്ടി വരും തലമുറകളെ പ്രാപ്തമാക്കുക എന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശക്തിപ്പെടുത്തുക എന്നതും മുഴുവൻ കുട്ടികളും പൊതുവിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതും നമ്മുടെ ലക്ഷ്യമാണ്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികവും, സൗജന്യവും, നിർബന്ധിതവുമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള കുട്ടികൾക്ക് സമഗ്രമായ പരിഷ്കരണത്തിന് തുടക്കം കുറിച്ചു. അതിന്റെ ചുവടുപിടിച്ച് നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട് എന്നു വ്യക്തമാക്കി. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയവികസന പദ്ധതിക്ക് രൂപം നൽകുന്നത്. -2 മുതൽ +2 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്രവികസനമാണ് എന്നും വിദ്യാഭ്യാസത്തിന്റെ നിർവ്വചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തിനെ മൊത്തം ബോധ്യപ്പെടുത്തുന്ന ബഹുജന മഹായജ്ഞമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാറണം.

### <u>വിദ്യാലയ ചരിത്രം</u>

നാടുവാഴിയായിരുന്ന പയ്യൻ ചെട്ടിയാർ എന്ന ആളായിരുന്നു ഈ പ്രദേശത്തിന്റെ അധിപൻ. സാമൂതിരിയുടെ അധിനിവേശത്തിന്റെ ഭാഗമായി അദ്ദേഹം നടത്തിയ ആക്രമണത്തിൽ പയ്യൻ ചെട്ടിയാർ വീരചരമം പ്രാപിക്കുകയും ചെയ്തു. പയ്യൻ ചെട്ടിയാർ വാണിരുന്ന ഇടമാണ് പയ്യനെടം ആയി പരിണമിച്ചത്.

മണ്ണാർക്കാട് താലൂക്കിൽ കുമരംപുത്തൂർ പഞ്ചായത്തിലെ പയ്യനെടം വില്ലേജിന്റെ തെക്കേ അറ്റത്ത് കല്യാണക്കാപ്പ് മൈലാംപാടം റൂട്ടിൽ പള്ളിക്കുന്ന് ജംഗ്ഷനിൽ നിന്ന് ഏതാണ്ട് 200 മീറ്റർ കിഴക്കോട്ട് മാറിയിട്ടാണ് ഞങ്ങളുടെ എ.യു.പി.എസ്. പയ്യനെടം സ്ഥിതി ചെയ്യുന്നത്.

1976 ജൂൺ 1 നാണ് എ.യു.പി.എസ്. പയ്യനെടം നിലവിൽ വന്നത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പയ്യനെടംകാരുടെ വിജ്ഞാനദാഹമകറ്റിയ എ.യു.പി.എസ്. പയ്യനെടം അതിന്റെ ജൈത്രയാത്ര തുടരുകയാണ്. അന്നത്തെ എം.എൽ.എ. ആയിരുന്ന കെ.കെ.എസ്. തങ്ങളാണ് ഇതിനു വേണ്ടി ചുക്കാൻ പിടിച്ചത്. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായ സി.എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ പ്രത്യേക താൽപര്യാർത്ഥം ഈ സ്ഥാപനം നിലവിൽ വന്നു. സ്ഥാപനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്നത് അന്നത്തെ പ്രഥമ മാനേജർ കുത്തനിയിൽ ശ്രീ. മമ്മുക്കുട്ടി ഹാജിയാണ്. 6 ക്ലാസ്സ് മുറികളടങ്ങിയ മുൻവശത്തെ പ്രധാന കെട്ടിടത്തിൽ നാലു ഡിവിഷനുകളിലായി 156 കുട്ടികളും 7 അദ്ധ്യാപകരുമാണ് ആരംഭത്തിൽ ഉണ്ടായിരുന്നത്. 2004 ൽ ഈ സ്ഥാപനത്തിന്റെ കൈവശാവകാശം ശ്രീ. പടിഞ്ഞാറേപള്ള മൊയ്തീൻകുട്ടിയിൽ നിക്ഷിപ്തമായി.

രാഷ്ട്രീയ-കലാ-സാഹിത്യരംഗങ്ങളിൽ യുവപ്രതിഭകളെ സംഭാവന ചെയ്യാൻ ഈ

വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ, വിവര സാങ്കേതിക രംഗങ്ങളിലും ഈ വിദ്യാലയത്തിലെ കുരുന്നുകൾ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ച വെച്ച ഈ വിദ്യാലയം നിരവധി തവണ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. പ്രവൃത്തിപരിചയ മേളകളിൽ സംസ്ഥാനതലം വരെ മത്സരിക്കുവാൻ ഇവിടുത്തെ മിടുക്കന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. ക്വിസ്സ് മത്സരങ്ങളിലും ഇവിടുത്തെ വിദ്യാർത്ഥികൾ സ്വന്തം പേര് സംസ്ഥാനതലത്തിൽ എത്തിച്ചിട്ടുണ്ട്. കഴിഞ്ഞ വിദ്യാരംഗം കലാസാഹിത്യവേദിയിൽ 2 തവണ സബ്ജില്ലാതലത്തിൽ ഒന്നാം സ്ഥാനക്കാരായി. മികവാർന്ന പ്രവർത്തനങ്ങളിലൂടെ 2019-20 വർഷത്തെ മലയാള മനോരമ നല്ലപാഠം പുരസ്കാരം സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം നേടി ചരിത്രത്തിന്റെ ഭാഗമാവാനും ഞങ്ങളുടെ വിദ്യാലയത്തിന് സാധിച്ചു.

നാലു പതിറ്റാണ്ടോളമായി ഇവിടെ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ 20 അധ്യാപകരും 1 അനധ്യാപകനുമാണ് ഉള്ളത്. 12 ക്ലാസ്സ് മുറികളിലായി 365 കുട്ടികളിവിടെ അധ്യയനം നടത്തുന്നു. കർമ്മനിരതരായ അർപ്പണബോധമുള്ള അധ്യാപകരാണ് ഈ സ്കൂളിന്റെ നെടുംതൂൺ. സർവ്വവിധ പങ്കാളിത്തവും പിന്തുണയും നൽകി സ്കൂളിന്റെ ഉന്നമനം എന്ന ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ഒരു മാനേജ്മെന്റാണ് ഞങ്ങൾക്കുള്ളത്. സ്കൂളിന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാടോടുകൂടി സദാ ജാഗരൂകരായ ഒരു പി.ടി.എ. യാണ് ഞങ്ങളുടെ ഏറ്റവും വലിയ ശക്തി. ഇതുകൂടാതെ ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ് എന്നിവ പ്രത്യേകമായും സജ്ജമാക്കിയിട്ടുണ്ട്.

യാത്ര ചെയ്യുവാനായി 4 ബസ്സുകൾ വിദ്യാലയത്തിന് സ്വന്തമായുണ്ട്.

<u>**പദ്ധതി രൂപീകരണം**</u>

സ്കൂൾ എസ്.ആർ.ജി. യോഗത്തിൽ ഓരോ അധ്യാപകരും സ്കൂളിനെക്കുറിച്ചുള്ള അവരവരുടെ കാഴ്ചപ്പാടുകൾ, വികസന സ്വപ്നങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്തുവരുവാൻ തീരുമാനമായി. തുടർന്നുണ്ടായ യോഗത്തിൽ അധ്യാപകരെ മൂന്ന് വിഭാഗമായി- അക്കാദമികം, ഭൗതീകം, സാമൂഹികം - പ്രസ്തുത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഇതിൽ നിന്നും രൂപീകരിക്കപ്പെട്ട അക്കാദമിക് മാസ്റ്റർ പ്ലാന്റെ കരടുരൂപം പി.ടി.എ. യിൽ അവതരിപ്പിച്ചു. അതിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങൾ കൂടി കൂട്ടിച്ചേർത്ത പ്ലാൻ പി.ഇ.സി. യോഗത്തിൽ അവതരിപ്പിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ ആശയങ്ങൾ ഉൾപ്പെടുത്തുവാൻ വേണ്ടി ഒ.എസ്.എ. യോഗത്തിൽ അവതരിപ്പിച്ചു. ഇതിൽ നിന്നും ആവശ്യമായ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി അക്കാദമിക് മാസ്റ്റർ പ്ലാൻ വിപുലപ്പെടുത്തി.

<u>**പൊതുലക്ഷ്യങ്ങൾ**</u>

* ഏഴാം ക്ലാസ്സ് കഴിഞ്ഞുപോകുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ ലഭിക്കേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ എന്തെല്ലാമാണെന്ന് രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
* കുട്ടികളുടെ സമഗ്രവികസനത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഫലപ്രാപ്തിയിൽ എത്തിക്കുക.
* എല്ലാ കുട്ടികളേയും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കുവാനും, എഴുതുവാനും, വായിക്കുവാനുമുള്ള കഴിവുകളിലേക്കെത്തിക്കുക.
* പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
* ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക
* കമ്പോസ്റ്റ് പ്ലാന്റ് തയ്യാറാക്കുക
* ലേൺ, ഏൺ പരിപാടികളുടെ ആസൂത്രണം
* ലൈബ്രറി വിപുലീകരണം
* സമൂഹ സൗഹൃദ വിദ്യാലയമാക്കി മാറ്റുക.

<u>**ഒറ്റ നോട്ടത്തിൽ**</u>

## അക്കാദമികം

* ശ്രേഷ്ഠഭാഷാ മലയാളം
* ബെറ്റർ ഇംഗ്ലീഷ്
* രസീലി ഹിന്ദി
* മാന്ത്രിക ഗണിതം
* ലിറ്റിൽ സയന്റിസ്റ്റ്
* കളിപ്പെട്ടി (ICT)
* പഠിച്ചുനേടാം (പ്രവൃത്തിപരിചയം)
* ആരോഗ്യം തന്നെ സമ്പത്ത് (ആരോഗ്യകായികം)
* എന്റെ വൈകല്യമാണ് എന്റെ ശക്തി
* ജാഗ്രതൈ മിഷൻ 2018 – 21
* എല്ലാവർക്കും വായിക്കാം എപ്പോഴും വായിക്കാം (വായന പരിപോഷണം)
* ലൈബ്രറി ശാക്തീകരണം
* ലാബ് വിപുലീകരണം
* ടാലന്റ് ടാബ്
* പഠനയാത്ര
* കലക്കൂട്ടം (കലാപരിശീലനം)
* വർണ്ണജാലകം (ചിത്രരചനാ പരിശീലനം)
* ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
* S.R.G. ശാക്തീകരണം
* ഇല്ലം നിറ – വല്ലം നിറ – ജൈവകൃഷി
* മെഡിക്കൽ ക്യാമ്പ്
* ഭാഷാ ലാബ്

## ഭൗതീകം

* ആർ.സി. കെട്ടിടം
* ക്ലാസ്സ് മുറികൾ വൈദ്യുതീകരിക്കുക
* ചുറ്റുമതിൽ ആകർഷകമാക്കുക
* പഠനച്ചുമർ
* ഹൈടെക് ക്ലാസ്സ് മുറികൾ
* ശുചിത്വ ശൗചാലയം
* ലാബ്
* ലൈബ്രറി
* കവാടം, പഠിപ്പുര
* യോഗപരിശീലന കേന്ദ്രം
* മാലിന്യസംസ്കരണം
* മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ
* ജൈവ വൈവിധ്യപാർക്ക്
* വൃക്ഷവത്കരണം
* നക്ഷത്രവനം
* ശലഭോദ്യാനം
* ഔഷധത്തോട്ടം
* ദിശാ ബോർഡുകൾ
* കുടിവെള്ളം

* ചെറുകുളങ്ങൾ
* ഓഫീസ്, സ്റ്റാഫ് റൂം ആകർഷകമാക്കൽ

<u>**സാമൂഹികം**</u>

* പി.ടി.എ., ഒ.എസ്.എ. ബന്ധിപ്പിക്കുക
* പൂർവ്വാധ്യാപക കൂട്ടായ്മ രൂപീകരണം
* എസ്.എം.സി., എസ്.എം.ഡി.സി. സംഘാടനവും നടത്തിപ്പും
* പാഠം തുടങ്ങാം ഗ്രാമത്തിൽ നിന്ന്
* ഇ - ജാലകം
* വീട്ടുമുറ്റം
* തുള്ളിക്കൊരു കുടം
* സൂക്ഷിച്ചുപോകൂ സുരക്ഷിതരാകൂ
* അമ്മ ടീച്ചർ
* ഗ്രാമപത്രം
* പഠനവീട്
* എന്റെ ഗ്രാമം എന്റെ വിദ്യാലയം
* മെഡിക്കൽ ക്യാമ്പുകൾ
* സാന്ത്വനസ്പർശം
* സ്നേഹനിധി
* നാട്ടൊരുമ
* മുത്തശ്ശി കൂട്ടായ്മ
* ഷോർട്ട് ഫിലിം
* തുണി സഞ്ചി
* പുസ്തകത്തൊട്ടിൽ
* പുസ്തകവണ്ടി
* സേവ് എനർജി
* ജീവിതശൈലി രോഗനിവാരണം
* പ്ലാസ്റ്റിക്കിനോട് വിട

<u>**അക്കാദമിക പ്രവർത്തനങ്ങൾ**</u>

<u>**ഉപമേഖല - മാതൃഭാഷ**</u>

<u>**ശ്രേഷ്ഠഭാഷ മലയാളം**</u>

<u>**ലക്ഷ്യങ്ങൾ**</u>

* എല്ലാ കുട്ടികളും അർത്ഥമറിഞ്ഞ് വായിക്കുന്നു എന്ന് ഉറപ്പാക്കുന്നു.
* കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തി സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* ആശയങ്ങളെ വിവിധ തരത്തിൽ ആവിഷ്കരിക്കുവാനുള്ള അവസരങ്ങൾ സജ്ജമാക്കുക.
* ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* ഭാഷാ നിഘണ്ടു, പ്രൊജക്റ്റുകൾ, സെമിനാറുകൾ എന്നിവ തയ്യാറാക്കുവാനുള്ള പ്രാഗത്ഭ്യം നേടിക്കൊടുക്കുക.
* ലക്ഷ്യക്രമമനുസരിച്ചുള്ള പ്രവർത്തനങ്ങൾ (ശ്രേഷ്ഠ ഭാഷ മലയാളം).
* വായനാവാരം വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു.

**വായനാമരം ഒരുക്കൽ :**

വായിച്ച പുസ്തകത്തിന്റെ പേര്, രചയിതാവിന്റെ പേര്, കുട്ടിയുടെ പേര് എന്നിവ എഴുതിച്ചേർത്ത ഇലകൾ വായനാമരത്തിൽ ഒട്ടിച്ചു ചേർക്കുന്നു.

**പത്രവായന :**

ഓരോ ക്ലാസ്സും സ്വതന്ത്രമായി തയ്യാറാക്കിയ സ്ക്കൂൾ വാർത്തകളടങ്ങിയ പത്രം ക്ലാസ്സ് തല അസംബ്ലിയിൽ വായിക്കുന്നു.

**പുസ്തകപരിചയം :**

പുസ്തകം, രചയിതാവ്, ആസ്വാദനം എന്നിവ അസംബ്ലിയിൽ വായിക്കുന്നു.

**വായനാക്കളരി :**

ദിനപത്രങ്ങൾ വായിക്കുവാനുള്ള വായനാമൂല, റാപ്പിഡ് ഫയർ (പത്രക്വിസ്സ്).

**ക്ലാസ്സ് ലൈബ്രറി ഒരുക്കുക :**

പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കുക, പ്രത്യേകം ലൈബ്രേറിയൻ, വായനാകുറിപ്പുകളുടെ പതിപ്പ് എന്നിവ തയ്യാറാക്കുന്നു.

**സാഹിത്യക്വിസ്സ് :**

വായിച്ച പുസ്തകങ്ങളെ  അടിസ്ഥാനമാക്കിയുള്ള ക്വിസ്സ്, ഇന്നത്തെ ചോദ്യം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള ക്വിസ്സ് മത്സരങ്ങൾ, ദൃശ്യാവിഷ്കാരങ്ങൾ.

**വായനാമത്സരങ്ങൾ :**

വായനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

* രചനാശിൽപശാലകൾ, കുറിപ്പുകൾ തയ്യാറാക്കൽ, പതിപ്പുകൾ, സർഗ്ഗോത്സവ ക്യാമ്പുകൽ, സാഹിത്യമത്സരങ്ങൾ, സ്ക്രിപ്റ്റ് തയ്യാറാക്കി ദൃശ്യാവിഷ്കാരങ്ങൾ സംഘടിപ്പിക്കൽ.
* റേഡിയോ ജിംഗിൾസ്, പയ്യനെടം വിഷൻ എന്നിവയിലൂടെ സ്കൂൾ വാർത്തകൾ, നാട്ടു വാർത്തകൾ, കൗതുക വാർത്തകൾ എന്നിവയുടെ സംപ്രേഷണം, അവതരണം, അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ ചെയ്യുന്നു. കുട്ടികളുടെ ചലച്ചിത്രങ്ങൾ, ആസ്വാദനം, ഷോർട്ട് ഫിലിം, മലയാളം കമ്പ്യൂട്ടിംഗ്, ബ്ലോഗ് നിറയ്ക്കൽ.
* ഭാഷാ നിഘണ്ടു പ്രൊജക്ടുകൾ, സെമിനാറുകൾ, സംവാദ സദസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു.

**എഴുത്തോല :**

എല്ലാ ദിവസവും ഇന്നത്തെ ചിന്താവിഷയം, ദിനപ്രത്യേകത, ഇന്നത്തെ ചോദ്യം, പുസ്തകപരിചയം, സർഗ്ഗസൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കുവാനുള്ള നോട്ടീസ് ബോർഡ്.

**മേഖല : അക്കാദമികം**
**ഉപമേഖല : ഭാഷാശേഷി വികസനം**
**പേര് : ശ്രേഷ്ഠഭാഷ മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥമറിഞ്ഞ് വായിക്കുന്നു, എഴുതുന്നു എന്ന് ഉറപ്പുവരുത്തുകയും സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുക. | 1) വായനാവാരം | ജൂൺ 19-27 | വിദ്യാരംഗം | SRG - PTA | PTA - HM |
| | 2) വായനാമരം | ജൂൺ 1-30 | ക്ലാസ്സ് ടീച്ചർ, വിദ്യാരംഗം | SRG - PTA | PTA - HM |
| | 3) പത്രവായന (പത്രവൃത്തം) | പ്രവൃത്തിദിനം | വിദ്യാരംഗം | SRG | HM |
| | 4) പുസ്തകപരിചയം | ആഴ്ചയിൽ 1 | വിദ്യാരംഗം, ക്ലാസ്സ് ടീച്ചർ | SRG | PTA - HM |
| | 5) വായനാമൂല | പ്രവൃത്തിദിനങ്ങൾ | വിദ്യാരംഗം | SRG | PTA - HM |
| | 6) ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | വർഷം ഒന്ന് | ക്ലാസ്സ് ടീച്ചർ | PTA | PTA - HM |
| | 7) വായനാകുറിപ്പ് - പതിപ്പ് | ടേമിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | | HM - PTA |
| | 8) ദൃശ്യാവിഷ്കാരം | ആവശ്യാനുസരണം | എസ്.ആർ.ജി. | OSA - PTA | HM - PTA |
| | 9) എഴുത്തോല | | | | |
| | 10) സംവാദങ്ങൾ (സർഗ്ഗസല്ലാപം) | പ്രവൃത്തിദിനം | എസ്.ആർ.ജി. | OSA - PTA | HM - PTA |
| | 11) രചനാശിൽപശാലകൾ | ടേമിൽ ഒന്ന് | എസ്.ആർ.ജി. | OSA - PTA | HM - PTA |
| | 12) പതിപ്പുകൾ തയ്യാറാക്കൽ | ടേമിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | OSA - PTA | HM - PTA |
| | 13) സാഹിത്യസമാജം | മാസത്തിൽ 1 | എസ്.ആർ.ജി. | OSA - PTA | HM |
| | 14) സർഗ്ഗവേള | മാസം ഒന്ന് | എസ്.ആർ.ജി. | OSA - PTA | HM |
| | 15) റേഡിയോ ജിംഗിൾസ് | ആഴ്ചയിൽ 1 | എസ്.ആർ.ജി. | OSA - PTA | HM |
| | 16) പയ്യനെടം വിഷൻ | ആഴ്ചയിൽ 1 | എസ്.ആർ.ജി. | OSA - PTA | HM |
| | 17) ബ്ലോഗ് നിറയ്ക്കൽ | മാസം ഒന്ന് | എസ്.ആർ.ജി. | OSA - PTA | HM |
| | 18) റാപ്പിഡ് ഫയർ (പത്രക്വിസ്സ്) | മാസം ഒന്ന് | എസ്.ആർ.ജി. | OSA - PTA | HM |
| | 19) നാടകക്കളരി | ആഴ്ചയിൽ 1 | എസ്.ആർ.ജി. | OSA - PTA | HM |
| | 20) ചലച്ചിത്രാസ്വാദനം | വർഷം ഒന്ന് | എസ്.ആർ.ജി. | OSA - PTA | HM |
| | 21) മലയാളം - കമ്പ്യൂട്ടിംഗ് | വർഷം ഒന്ന് | എസ്.ആർ.ജി. | | HM |
| | | ആവശ്യാനുസരണം | | | HM |
| | | | | | |

**മേഖല : അക്കാദമികം**
**ഉപമേഖല : ഭാഷാശേഷി വികസനം**
**പേര് : ശ്രേഷ്ഠഭാഷ മലയാളം**

| | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | സമയം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ വികസനം | വായന (മധുരാക്ഷരം)<br><br>ലേഖനം | ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.<br><br>തെറ്റില്ലാതെ ആശയക്രമീകരണത്തോടെ എഴുതാനുള്ള ശേഷി നേടുന്നു. | ജൂൺ ജൂലായ്<br><br>ആഗസ്റ്റ് | വായന കാർഡ്, പത്രം, കഥ - കവിതാ പുസ്തകങ്ങൾ, ചെറുകവിതകൾ<br>അക്ഷര കാർഡുകൾ. | 1000.00 |
| 2. | സർഗ്ഗാത്മക ശേഷി വികസനം | "ആസ്വാദനം സ്കൂളിലും വീട്ടിലും"<br><br>സർഗ്ഗസൃഷ്ടി | വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും കേട്ടും ആസ്വദിക്കാനുള്ള ശേഷി നേടുന്നു.<br><br>സാഹിത്യരൂപങ്ങൾ സൃഷ്ടിക്കുവാനുള്ള ശേഷി നേടുന്നു. | എല്ലാ മാസവും<br><br>" " | സ്കൂൾ ലൈബ്രറി, കഥ, കവിത പുസ്തകങ്ങൾ<br><br>മികച്ച സൃഷ്ടികൾ (കുട്ടി - അമ്മ) ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം - പ്രകാശനം (മാർച്ച്) | 20000.00 |
| 3. | വൈജ്ഞാനിക വികസനം | കവി - കവിത പരിചയം | മലയാള ഭാഷയിൽ പരിചിതരും അപരിചിതരുമായ നിരവധി കവികളുണ്ട്. അവരെ പരിചയപ്പെടാനും അവരുടെ കവിതകളെക്കുറിച്ചറിയാനുമുള്ള ശേഷി നേടുന്നു. | എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് | സ്കൂൾ ലൈബ്രറി, പി.ടി.എ., അദ്ധ്യാപകർ<br><br>ഈ കവിതകൾ പതിപ്പാക്കി കവിതാലാപന സദസ്സ് സംഘടിപ്പിക്കുക. തദ്ദേശീയ കവി സാന്നിധ്യം. | 15000.00 |

| | | |
|---|---|---|
| **മേഖല** | **:** | **അക്കാദമികം** |
| **ഉപമേഖല** | **:** | **ഇംഗ്ലീഷ് പഠന പരിപോഷണം** |
| **പേര്** | **:** | **ബെറ്റർ ഇംഗ്ലീഷ്** |

**<u>ലക്ഷ്യങ്ങൾ</u>**

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരങ്ങൾ ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

**<u>പ്രവർത്തനങ്ങൾ</u>**

1. വിദഗ്ധരുടെ നേതൃത്വത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ശിൽപശാലകൾ സംഘടിപ്പിക്കുന്നു. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് പറയുവാനുള്ള അവസരം ഒരുക്കുവാനായി ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് റേഡിയോ, സ്റ്റോറി ടെല്ലിംഗ്, പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, ദിനാചരണങ്ങൾ ബന്ധപ്പെടുത്തിയുള്ള സ്കിറ്റുകൾ, ഇംഗ്ലീഷ് നാടകാവതരണം, ഇംഗ്ലീഷ് ഫെസ്റ്റുകൾ എന്നിവ സംഘടിപ്പിക്കുന്നു. സ്കൂൾ പത്രം (പയ്യനെടം എക്സ്പ്രസ്സ്) ഇംഗ്ലീഷിൽ തയ്യാറാക്കി അസംബ്ലിയിൽ വായിക്കുക. മാഗസിനുകൾ തയ്യാറാക്കുന്നു. ഇംഗ്ലീഷ് ആനിമേഷൻ സ്റ്റോറീസ്, ഇംഗ്ലീഷ് ഫിലിമുകൾ തുടങ്ങിയവയുടെ പ്രദർശനം.
2. ഇംഗ്ലീഷ് പെൻഫ്രണ്ട് - ഇംഗ്ലീഷിൽ കത്തുകൾ എഴുതി മോക് പോസ്റ്റോഫീസിൽ പോസ്റ്റ് ചെയ്യുന്നു.

ഇംഗ്ലീഷ് ഡയറി

വൊക്കാബുലറി കോർണർ - (ന്യൂ വേഡ്സ്) പരിചയപ്പെടുത്തുന്നു.

മാജിക് പോട്ട് (ഇംഗ്ലീഷ് ഗെയിംസ്)

ഇംഗ്ലീഷ് ആക്ടിവിറ്റി ബുക്ക് - അധ്യാപകർ ഇല്ലാത്ത പിരീഡുകൾ പ്രയോജനപ്പെടുത്തുവാൻ വേണ്ടിയുള്ള പ്രവർത്തനം.

മിറർ - തോട്ട് ഫോർ ദ ഡേ, ഇംപോർട്ടന്റ്സ് ഓഫ് ദ ഡേ, ബുക്ക് ഇൻട്രൊഡക്ഷൻ, ക്രിയേറ്റീവ് വർക്കുകൾ എന്നിവ പ്രദർശിപ്പിക്കുവാനുള്ള നോട്ടീസ് ബോർഡ്.

ട്രാൻസ്ലേഷൻ - മിററിൽ മലയാളം സ്റ്റോറികൾ എഴുതി തൂക്കുന്നതിന്റെ വിവർത്തനം ഇംഗ്ലീഷിൽ ചെയ്യുക.

ഇംഗ്ലീഷിലുള്ള വിവിധ ബോർഡുകൾ സ്ഥാപിക്കുക.

ക്ലാസ്സ് റൂമിൽ ഉപയോഗിക്കേണ്ട സിംപിൾ ഇൻസ്ട്രക്ഷൻസ് എഴുതിയ ചാർട്ടുകൾ ക്ലാസ്സിൽ തൂക്കിയിടുക.

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം
പേര് : ബെറ്റർ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ഇംഗ്ലീഷ് അസംബ്ലി | മാസം ഒന്ന് | ക്ലാസ്സ് ടീച്ചർ | SRG - PTA | HM |
| | ഇംഗ്ലീഷ് പത്രം | മാസം ഒന്ന് | ക്ലാസ്സ് ടീച്ചർ | SRG - PTA | HM |
| | ഇംഗ്ലീഷ് മാഗസിൻ | മാസം ഒന്ന് | ക്ലാസ്സ് ടീച്ചർ | SRG - PTA | HM |
| | ഇംഗ്ലീഷ് റേഡിയോ | ടേമിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | SRG - PTA | HM |
| | ഇംഗ്ലീഷ് ആനിമേഷൻ | ആവശ്യാനുസരണം | ഇംഗ്ലീഷ് ടീച്ചർ | SRG - PTA | HM |
| | ഇംഗ്ലീഷ് ചലച്ചിത്രാസ്വാദനം | ആവശ്യാനുസരണം | ഇംഗ്ലീഷ് ക്ലബ്ബ് | SRG - PTA | HM |
| | ഇംഗ്ലീഷ് ഫെസ്റ്റ് | വർഷം ഒന്ന് | എസ്.ആർ.ജി. | SRG - PTA | HM |
| | ഇംഗ്ലീഷ് ഡയറി | ദിവസേന | ഇംഗ്ലീഷ് ടീച്ചർ | SRG - PTA | HM |
| | ഇംഗ്ലീഷ് പെൻഫ്രണ്ട് | ആവശ്യാനുസരണം | ഇംഗ്ലീഷ് ടീച്ചർ | SRG - PTA | HM |
| | ട്രാൻസിലേഷൻ | മാസം ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | SRG - PTA | HM |
| | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ശിൽപശാല | ടേമിൽ ഒന്ന് | എസ്.ആർ.ജി. | SRG - PTA | HM |
| | മിറർ | എല്ലാ പ്രവൃത്തി ദിനങ്ങളും | ഇംഗ്ലീഷ് ക്ലബ്ബ് | Sponsoring | HM |
| | മാജിക്പോട്ട് | മാസം ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | | HM |
| | വൊക്കാബുലറി കോർണർ | എല്ലാ പ്രവൃത്തി ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ | Sponsoring | HM |
| | ആക്ടിവിറ്റി ബുക്ക് | ആവശ്യാനുസരണം | ഇംഗ്ലീഷ് ക്ലബ്ബ് | SRG - PTA | HM |

## AIMS

* Listening, Speaking, Reading, Writing in English.

Students can acquire the ability in English language through the LSRW. The students can listen the language and after they convey their ideas through speaking and gets more knowledge through reading and at last they acquire the ability in writing in English language.

* Creativity

Through the LSRW students can understand the language and they familiarizes with different writers in English literature and they can write their own writings.

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം
പേര് : ബെറ്റർ ഇംഗ്ലീഷ്

| Region | Activity | Aim | Time | Source | Finance |
|---|---|---|---|---|---|
| Language Development | Listening | To listen and understand its meanings including the audios. | June, July (once in a week) | Mobile Laptop Pendrive | |
| | Speaking | Smoothing and avoid the mistakes in English language communication. | August September (once in a week) | Laptop Mobile | |
| | Reading | To gain the ability in avoid the mistakes in reading and understand its meaning. | September October (Three days in a week) | Reading materials books (library) | |
| | Writing | Avoid the mistakes in writing in English language | November December (2 days in a week) | Chart, Paper, Pen, Pencil | |
| Creative Capacity Development | Creativity | Reading the different kinds of language books and try to write themselves. | January February March (once in a week) | Paper Pen Marker | |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം
പേര് : ബെറ്റർ ഇംഗ്ലീഷ്

| Capacity | Activity |
|---|---|
| 1. Students can acquire the ability in LSRW | **Listening**<br>Teacher gives an opportunity for hearing the stories, short films and the radio programmes in english.<br><br>**Speaking**<br>In class wise the role play, story telling, debate, seminar, panal discussion etc. have done by the teacher, for the students. In our English fest we can includes the skit drama, recite the poems etc. Vocabulary corner, spelling B competition can also included.<br><br>**Reading**<br>I class wise English corner, includes books, magazine, school library, class library books can gives the children and make a competition.<br><br>**Writing**<br>Making posters, write small poems, short stories and make class magazines and school magazines also. |
| 2. Equality | **Pre test**<br>In the bases of group remedial teaching.<br>Includes the interesting games. So the slow learner can catch the idea easily. Form a friends groups in each class and in their group their friends can teach each of the slow learner. So they can communicate very easily. |

**മേഖല : അക്കാദമികം**
**ഉപമേഖല : ഹിന്ദിഭാഷാ ശേഷി വികസനം**
**പേര് : സുരീലി ഹിന്ദി**

| Sl.No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>ഓൺലൈൻ അക്ഷരമാല കളികൾ<br>വാക്കുകൾ എഴുതിയ കാർഡുകൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം<br>(എച്ച്.എസ്. വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ-ടെസ്റ്റ് നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | June to August | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT<br>(ആവശ്യമെങ്കിൽ)<br>Resource teachers |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി<br>നിഘണ്ടു | PTA, BRC, Resource Teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>(പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>ക്ലാസ്സ് ലൈബ്രറി<br>അധികവായന സാമഗ്രികൾ<br>ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>വായനമൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

**മേഖല : അക്കാദമികം**
**ഉപമേഖല : ഹിന്ദിഭാഷാ ശേഷി വികസനം**
**പേര് : സുരീലി ഹിന്ദി**

**ലക്ഷ്യങ്ങൾ**

* ഹിന്ദിയിൽ അർത്ഥം അറിഞ്ഞ് വായിക്കുന്നു, എഴുതുന്നു എന്ന് ഉറപ്പുവരുത്തുന്നു.
* ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
* ഹിന്ദിയിൽ ആവിഷ്കാരങ്ങൾ അവസരം ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക.
* കവിതാസ്വാദനം സാധ്യമാക്കുക.

**പ്രവർത്തനങ്ങൾ**

ഹിന്ദി അസംബ്ലി
ഹിന്ദി ഫെസ്റ്റ് സംഘടിപ്പിക്കുക
ഹിന്ദി പക്ഷാചരണം
വായനാമത്സരം
റോൾ പ്ലേ (സ്കിറ്റ്) തയ്യാറാക്കുക
ചുമർപത്രിക
ആശംസാകാർഡുകളുടെ നിർമ്മാണം
വാചനികേന്ദ്ര് തയ്യാറാക്കുക
ഹിന്ദി ഡയറി
ഹസ്തലേഖനം

**മേഖല : അക്കാദമികം**
**ഉപമേഖല : ഹിന്ദി ഭാഷാശേഷി വികസനം**
**പേര് : രസീലി ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഹിന്ദിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക. | ഹിന്ദി അസംബ്ലി | മാസത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | ഹിന്ദി ഫെസ്റ്റ് | വർഷം ഒന്ന് | ഹിന്ദി ടീച്ചർ | SRG | HM |
| | ഹിന്ദി പക്ഷാചരണം | വർഷത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | വായനാമത്സരം | ടേമിൽ ഒന്ന് | ഹിന്ദി ടീച്ചർ | SRG | HM |
| | റോൾ പ്ലേ, സ്കിറ്റ് | വർഷത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | ചുമർ പത്രിക | ദിവസത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | ആശംസാകാർഡുകളുടെ നിർമ്മാണം | ടേമിൽ ഒന്ന് | ഹിന്ദി ടീച്ചർ | SRG | HM |
| | വാചൻ കേന്ദ്ര് | വർഷത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | ഹിന്ദി ഡയറി | ആഴ്ചയിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |
| | ഹസ്തലേഖനം | ടേമിൽ | ഹിന്ദി ടീച്ചർ | SRG | HM |
| | ഹിന്ദി ലൈബ്രറി | മാസം ഒന്ന് | ഹിന്ദി ടീച്ചർ | SRG | HM |
| | ബാൽസഭ | വർഷത്തിൽ 1 | ഹിന്ദി ടീച്ചർ | SRG | HM |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിത ശേഷികളുടെ വിശകലനം**

**പേര് : മാന്ത്രിക ഗണിതം**

**ലക്ഷ്യങ്ങൾ**

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.
* ഓരോ പ്രദേശത്തിന്റെയും ഗണിത ക്രിയകൾ പരിചയപ്പെടുത്തുക.
* ഏഴാം ക്ലാസ്സ് കഴിയുന്ന ഓരോ കുട്ടികളും നേടേണ്ട പഠന നേട്ടങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* അബാക്കസ് എല്ലാവരിലും എത്തിക്കുക.

**പ്രവർത്തനങ്ങൾ**

ഗണിതക്ലബ്ബ് – വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, പ്രൊജക്റ്റുകൾ, സെമിനാറുകൾ, ദിനാചരണങ്ങൾ, ഗണിത കഥാ കവിത മത്സരങ്ങൾ, ഗണിത മാഗസിൻ, ഒറിഗാമി, ടാൻഗ്രാം, അബാക്കസ്, പസിൽ, ഗണിതമൂല.

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതശേഷി വികസനം**

**പേര് : മാന്ത്രിക ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുകയും ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. | ഒറിഗാമി ശിൽപശാല | വർഷം ഒന്ന് | എസ്.ആർ.ജി. | PTA, SRG | HM |
| | ഗണിതലാബ് | വർഷം മൂന്ന് | എസ്.ആർ.ജി. | PTA, SRG, Manager | HM |
| | ഗണിത പാർക്ക് | വർഷം അഞ്ച് | എസ്.ആർ.ജി., ഗണിത ക്ലബ്ബ്, മാനേജർ | PTA, OSA, SRG, Manager | HM |
| | ഗണിത മാഗസിൻ | മാസം ഒന്ന് | ഗണിത ക്ലബ്ബ് | SRG | HM |
| | ഗണിത മൂല | വർഷം ഒന്ന് | ക്ലാസ്സ് ടീച്ചർ, കണക്ക് ടീച്ചർ | SRG, PTA | HM |
| | അബാക്കസ് പരിശീലനം | മാസത്തിൽ 1 | ഗണിത ക്ലബ്ബ് | SRG | HM |
| | ചിന്താഗണിതം (ഗണിത ബുള്ളറ്റിൻ) | പ്രവർത്തിദിനം | ഗണിത ക്ലബ്ബ്, ക്ലാസ്സ് ടീച്ചർ | Sponsoring | HM |
| | ഗണിത ഏകദിന ശിൽപശാല | വർഷം ഒന്ന് | ഗണിത ക്ലബ്ബ്, SRG | SRG, PTA | HM |
| | ഗണിത മുത്തശ്ശി | വർഷം ഒന്ന് | ഗണിത ക്ലബ്ബ് | SRG, PTA | HM |

**ലക്ഷ്യങ്ങൾ**

* സംഖ്യകളുടെ തിരിച്ചറിയൽ, താരതമ്യം, വലുത്, ചെറുത്, ഭിന്നസംഖ്യ, ദശാംശസംഖ്യ തുടങ്ങിയവ ഉറപ്പിക്കൽ.

* പരിഹാരം കാണൽ

* ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും, വരക്കാനും കഴിവ് നേടൽ

* പ്രായോഗിക ജീവിതത്തിലെ അളവുകളുടേയും തൂക്കങ്ങളുടേയും ആശയങ്ങൾ മനസ്സിലാക്കാനും, ഉപകരണങ്ങൾ നിർമ്മിക്കാനുമുള്ള ശേഷി നേടൽ.

* ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള കഴിവ് നേടൽ.

* പിന്നോക്കക്കാരെയും, പഠനവിടവ് സംഭവിച്ചവരെയും മുന്നോട്ടെത്തിക്കൽ.

* മികവ് പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനത്തിലൂടെ ഉയർന്ന നിലവാരത്തിലെത്തിക്കൽ.

* ഗണിതമ്യൂസിയം / പാർക്ക്

**മേഖല : അക്കാദമികം**
**ഉപമേഖല : ഗണിതശേഷി വികസനം**
**പേര് : മാന്ത്രിക ഗണിതം**

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ചതുഷ്ക്രിയകളിലെ ആശയം | സംഖ്യാബോധം ഉറപ്പിക്കൽ | കൂട്ടൽ, കുറക്കൽ, ഗുണിക്കൽ, ഹരണം എന്നീ ക്രിയകൾ ഉറപ്പിക്കൽ. | ജൂൺ, ജൂലൈ (അക്കാദമിക് ഇയർ മുഴുവൻ പിന്നോക്കക്കാർക്ക്) | സംഖ്യാ കാർഡുകൾ, കളികൾ | |
| 2. സംഖ്യകളുടെ താരതമ്യം | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ | സംഖ്യകളെ വലുത്, ചെറുത്, ഭിന്നസംഖ്യ എന്നിങ്ങനെ തിരിച്ചറിയൽ. | ആഗസ്റ്റ്, സെപ്തംബർ | സംഖ്യകാർഡുകൾ, വസ്തുക്കൾ | |
| 3. പ്രശ്ന നിർദ്ധാരണ ശേഷി | ഗണിത കളരി | ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നപരിഹാരം | സെപ്തംബർ ഒക്ടോബർ | ചാർട്ട്, ചിത്രങ്ങൾ, വസ്തുക്കൾ | |
| 4. അളവുകൾ തൂക്കങ്ങൾ | അളവുപകരണങ്ങളുടെ ഉപയോഗം, നിർമ്മാണം | പ്രായോഗിക ജീവിതത്തിൽ അളവുകൾ തിരിച്ചറിയാനും ഉപകരണങ്ങൾ നിർമ്മിക്കാനും | ജനുവരി ഫെബ്രുവരി | ചാർട്ട്, കാർഡ്, അളവ് പാത്രങ്ങൾ | |
| 5. പിന്നോക്കക്കാരുടെ മുന്നോക്കം | പ്രത്യേക മൊഡ്യൂൾ ഉണ്ടാക്കി കൂടുതൽ പരിശീലനം | പഠനവിടവും പഠന പിന്നോക്കാവസ്ഥയും ഇല്ലാതാക്കൽ | ആഴ്ചയിൽ 2 ദിവസം | വർക്ക് ഷീറ്റ്, മാതൃകാ ചോദ്യങ്ങൾ | |
| 6. മികവാർന്ന കുട്ടികൾക്ക് അധിക പരിശീലനം | ന്യൂമാറ്റ്സ്, USS, ക്വിസ് മത്സരങ്ങൾ, ഗണിത ബുക്ക് വായന, Puzzle corner. | പ്രതിഭകളായ കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കൽ | ആഴ്ചയിൽ 1 ദിവസം | വർക്ക് ഷീറ്റ്, മാതൃകാ ചോദ്യങ്ങൾ, Reference books. | |
| 7. ജ്യാമിതീയ രൂപങ്ങളുടെ തിരിച്ചറിയൽ, നിർമ്മാണം | ഗണിതമേള, ഗണിത ശിൽപശാല, മത്സരങ്ങൾ | ജ്യാമിതീയ രൂപങ്ങളെ വരക്കാനും നിർമ്മിക്കാനും | ജനുവരി ഫെബ്രുവരി | ചാർട്ട്, പേപ്പർ, കാർഡ് | |
| 8. ഗണിത മ്യൂസിയം | | | | | |

| | | |
|---|---|---|
| **മേഖല** | **:** | **അക്കാദമികം** |
| **ഉപമേഖല** | **:** | **ഗണിതശേഷി വികസനം** |
| **പേര്** | **:** | **മാന്ത്രിക ഗണിതം** |

| ശേഷി | പ്രവർത്തനം | ചുമതല |
|---|---|---|
| 1. സംഖ്യാബോധം | സംഖ്യാബോധം ഉറപ്പിക്കുന്ന കളികൾ, കാർഡ് കളി, ഏണിയും പാമ്പും, കളി നോട്ടുകൾ.<br>സ്ഥാന വില പോക്കറ്റുകൾ<br>ഗണിതവത്കരണം - ക്ലാസ്സ്, സ്കൂൾ തുടങ്ങിയവയുടെ ചുമരുകളിൽ ഗണിതാശയ ചിത്രം, രൂപങ്ങൾ എന്നിവ നൽകി ആകർഷകമാക്കൽ. | ഗണിതാധ്യാപകർ<br>മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾ<br><br>ഗണിതാധ്യാപകർ |
| 2. അടിസ്ഥാന ക്രിയകൾ | സ്ഥാന വില ഉറപ്പിക്കൽ<br>സ്ഥാനവില പോക്കറ്റ് കൈകാര്യം ചെയ്യൽ<br>ശിഷ്ടം വരുന്ന അക്കങ്ങളുടെ കൂട്ടൽ, കുറക്കൽ<br>പരിശീലന ബുക്ക്<br>ആവർത്തന സങ്കലനങ്ങൾ (ഗുണനാശയം)<br>ആവർത്തന വ്യവകലനം (ഹരണാശയം) | ഗണിതാധ്യാപകർ<br>മികവാർന്ന കുട്ടികൾ |
| 3. ഗണിതാശയങ്ങൾ ഉറപ്പിക്കൽ (രൂപങ്ങൾ, അളവുകൾ) | ഗണിതക്കളരി - പ്രശ്നാപഗ്രഥനശേഷി, യുക്തിചിന്ത ഇവ വളർത്തിയെടുക്കുന്നതിനായി ഗണിതക്കളരി.<br>ഗണിത ശിൽപശാല - നിർമ്മാണം, അവതരണം (ഗണിതരൂപങ്ങൾ, പഠനോപകരണങ്ങൾ, അളവുകൾ) | ഗണിതാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, MPTA, Maths Club |
| 4. പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ടെത്തിക്കൽ | ചിട്ടയായ ഗണിത പരിശീലനം<br>ഗണിത കളികൾ<br>സ്പെഷ്യൽ മൊഡ്യൂൾ (ശ്രദ്ധ)<br>പരിശീലന ബുക്ക് | ഗണിതാധ്യാപകർ<br>ക്ലാസ്സിലെ മികച്ച കുട്ടികൾ |
| 5. മികവാർന്ന കുട്ടികളുടെ അധിക പരിശീലനം (മത്സരപരീക്ഷകളെ നേരിടൽ) | ന്യൂമാറ്റ്സ്, USS പ്രത്യേക പരിശീലനം<br>Monthly Maths Quiz<br>ഗണിതവായന, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ | ഗണിതാധ്യാപകർ<br>ലൈബ്രേറിയൻ |
| 6. ഗണിതം രസകരമാക്കൽ | മാന്ത്രിക ഗണിതം - Interesting puzzles നൽകൽ. നറുക്കെടുപ്പിലൂടെ ജേതാവിനെ കണ്ടെത്തൽ.<br>ഗണിതാശയം ഉൾക്കൊള്ളുന്ന പുസ്തക ശേഖരണം.<br>Treasure Hunt - Maths related clues നൽകി ട്രഷർ കണ്ടെത്തൽ.<br>ഗണിത മാഗസിൻ നിർമ്മാണം<br>ഗണിത പ്രതിഭയോടൊപ്പം<br>കവിതകളുടെ ശേഖരണം, രചന (ഗണിതാശയം)<br>ICT | ഗണിതാധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ |

**മേഖല : അക്കാദമികം**
**ഉപമേഖല : സാമൂഹ്യശാസ്ത്രം**
**പേര് : നമുക്ക് ചുറ്റും**

**ലക്ഷ്യം**

* ജനാധിപത്യബോധവും പൗരധർമ്മവും വളർത്തൽ.
* മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ പങ്കാളിത്തം.
* തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം.
* ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം.
* പ്രാദേശിക ചരിത്രരചന.
* പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ.
* ലൈബ്രറി
* സാമൂഹ്യ ശാസ്ത്രലാബ് നവീകരണം.

**മേഖല : അക്കാദമികം**
**ഉപമേഖല : സാമൂഹ്യശാസ്ത്രം**
**പേര് : നമുക്ക് ചുറ്റും**

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| ജനാധിപത്യബോധം<br>പൗരബോധം | തെരഞ്ഞെടുപ്പ്<br>മോഡൽ പാർലമെന്റ് | ജനാധിപത്യ സമ്പ്രദായ ത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളി യാകുന്നു. | ജൂൺ<br>ജൂലായ് | തെരഞ്ഞെടുപ്പ് സാമ ഗ്രികൾ | |
| കുട്ടികളിൽ ചരിത്ര ബോധം വളർത്തിയെടു ക്കൽ | പഴയകാല ഉപകരണ ങ്ങൾ ശേഖരിക്കൽ<br>പുരാവസ്തു പ്രദർശനം<br>മ്യൂസിയം സന്ദർശനം<br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ<br>പഠനയാത്രകൾ സംഘടിപ്പിക്കുക. | തെളിവുകളുടെ അടിസ്ഥാന ത്തിൽ ചരിത്രപഠനം.<br>ചരിത്ര ശേഷിപ്പുകൾ സംര ക്ഷിക്കുന്നതിനുള്ള അവ ബോധം<br>പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാ ക്കുന്നു. | സെപ്തംബർ - മാർച്ച് | ശേഖരണം<br>പിടിഎ | |
| ക്ലാസ്സ് ലൈബ്രറി | സാമൂഹ്യശാസ്ത്രവു മായി ബന്ധമുള്ള പുസ്തകങ്ങളുടെ ശേഖരണം, ഭവനങ്ങ ളിൽ നിന്ന് പുസ്തക ശേഖരണം, ജന്മദിന ത്തിൽ സാമൂഹ്യ ശാസ്ത്ര പുസ്തക ങ്ങൾ, ഭൂപടങ്ങൾ എന്നിവ ശേഖരിക്കൽ | വായനാശീലവും പൊതുവി ജ്ഞാനവും വർദ്ധിപ്പിക്കാൻ | ജൂൺ - മാർച്ച് | പിടിഎ<br>പൂർവ്വ വിദ്യാർത്ഥികൾ | |
| പൊതുവിജ്ഞാനം | പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ ക്വിസ് (പത്രക്വിസ്) | പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകൽ | ജൂൺ - മാർച്ച് | പത്രം | |
| പ്രാദേശിക ചരിത്ര രചന | ഓരോ കുട്ടിയും അവ രവരുടെ പ്രദേശ ത്തിന്റെ ചരിത്രം തയ്യാറാക്കൽ -<br>* അഭിമുഖം<br>* സർവ്വെ | പ്രാദേശിക ചരിത്രാവബോധം വളർത്തുക | നവംബർ - ജനുവരി | ഫീൽഡ് ട്രിപ്പ് | |
| സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | ലാബ് നിർമ്മാണം<br>പ്രവർത്തനമാതൃ കകൾ<br>നിശ്ചലമാതൃകകൾ<br>ചിത്രീകരണം | ലാബ് നവീകരണത്തിലൂടെ സാമൂഹ്യശാസ്ത്ര അവ ബോധം | ജനുവരി - മാർച്ച് | പെയിന്റ്<br>ചാർട്ട്<br>വിവിധ മോഡലുകൾ | |

മേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യശാസ്ത്രം
പേര് : നമുക്കുചുറ്റും

**ലക്ഷ്യങ്ങൾ**

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
* ജനാധിപത്യജീവിത സംസ്കാരം വളർത്തുക.
* സാമൂഹിക ചുറ്റുപാടുകളെ പൊതുവായി വിശകലനം ചെയ്യുവാനും അതിനായുള്ള രീതി ശാസ്ത്രം സ്വായത്തമാക്കുവാനും സഹായിക്കുക.
* ചരിത്രപരമായ മൂല്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യസാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

* ഡിബേറ്റ് ക്ലബ്ബ് - സമകാലിക പ്രസക്തിയുള്ള സാമൂഹിക, ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ടേബിൾ ടോക്ക്, പാനൽ ചർച്ച തുടങ്ങിയവ.
* മോക് പാർലമെന്റ് * സാമൂഹ്യശാസ്ത്ര മൂല
* സാമൂഹ്യശാസ്ത്ര ലാബ് * പഠനയാത്രകൾ
* സ്കൂൾ ചരിത്ര മ്യൂസിയം * മേള * ബാലസഭ
* മൺമറഞ്ഞ എന്റെ നാട് - പ്രാദേശിക ചരിത്രം, ഭൂപടം തയ്യാറാക്കൽ.
* വിദഗ്ധരുമായുള്ള അഭിമുഖം.

മേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യശാസ്ത്രം
പേര് : നമുക്കു ചുറ്റും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കൽ - സാമൂഹിക ചുറ്റുപാടുകളെ പൊതുവായി വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കുവാനും സഹായിക്കുക. | ഡിബേറ്റ് ക്ലബ്ബ് | പ്രതിമാസം | എസ്. ആർ. ജി., സോഷ്യൽ ക്ലബ്ബ് | SRG, PTA, OSA | HM, PTA, OSA |
| | മോക് പാർലമെന്റ് | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാലം സമ്മേളനം<br>4. ക്രിസ്തുമസ് സമ്മേളനം<br>5. വേനൽക്കാലം സമ്മേളനം | എസ്. ആർ. ജി., സോഷ്യൽ ക്ലബ്ബ് | SRG | HM, PTA, OSA |
| | ബുള്ളറ്റിൻ ബോർഡ് പ്രതിഛായ | പ്രവർത്തി ദിനം | സോഷ്യൽ ക്ലബ്ബ് | Sponsoring | HM, PTA, OSA |
| | സാമൂഹ്യശാസ്ത്ര മൂല | വർഷം ഒന്ന് | ക്ലാസ്സ് ടീച്ചർ, സാമൂഹ്യ ശാസ്ത്ര ടീച്ചർ | SRG, PTA | HM, PTA |
| | പഠനയാത്ര | വർഷം ഒന്ന് | എസ്.ആർ.ജി. | SRG, PTA | HM, PTA |
| | ചരിത്ര മ്യൂസിയം | അഞ്ചു വർഷം | എസ്.ആർ.ജി., സാമൂഹ്യശാസ്ത്ര ക്ലബ്ബ് | SRG, PTA | HM, PTA |
| | മൺമറഞ്ഞ എന്റെ നാട് | അഞ്ചു വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | SRG, PTA, OSA | HM, PTA |

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്രശേഷി വികസനം**

**പേര് : ലിറ്റിൽ സയന്റിസ്റ്റ്**

**<u>ലക്ഷ്യങ്ങൾ</u>**

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
* ശാസ്ത്രീയ മനോഭാവം, ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുവാനുള്ള അനുഭവങ്ങൾ ഒരുക്കുക.
* ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
* ലാബ് സൗകര്യം ഒരുക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**<u>പ്രവർത്തനങ്ങൾ</u>**

ക്ലബ്ബ് പ്രവർത്തനങ്ങൾ

ശാസ്ത്ര പ്രവർത്തനങ്ങൾ

ശാസ്ത്ര മൂല

ശാസ്ത്ര ജേണലുകൾ പരിചയപ്പെടൽ

ശാസ്ത്ര മാസികാനിർമ്മാണം

ശാസ്ത്രം ജനനന്മക്ക് – ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ, കമ്പോസ്റ്റിംഗ് സാധ്യതകൾ, പ്ലാസ്റ്റിക് വിമുക്ത പരിപാടികൾ, ജൈവ കൃഷി, ജൈവ കീടനാശിനി നിർമ്മാണം, ആരോഗ്യ പരിപാലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

ശാസ്ത്ര ലാബ് വിപുലീകരിക്കുക.

പഠനോപകരണ ശിൽപശാലകൾ സംഘടിപ്പിക്കുക.

ശാസ്ത്രയാത്രകൾ

മേളകൾ എന്നിവ സംഘടിപ്പിക്കുക.

ഒരു ദിനം ഒരു കണ്ടെത്തൽ

**ലക്ഷ്യങ്ങൾ**

1. ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക.
2. ശാസ്ത്ര സംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കിടുക
3. കുട്ടികളിൽ നിരീക്ഷണ – പരീക്ഷണ പാടവം വളർത്തുക.
4. മികച്ച ശാസ്ത്ര പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി നിലവാരമുയർത്തുക.
5. ശാസ്ത്ര സംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നിർമ്മിക്കുക.

**മേഖല : അക്കാദമികം**
**ഉപമേഖല : സാമൂഹ്യശാസ്ത്രം**
**പേര് : നമുക്ക് ചുറ്റും**

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര കിറ്റ് തയ്യാറാക്കൽ | ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക. | ജൂൺ ജൂലായ് | പിടിഎ എസ്എസ്ജി | 5,000/- |
| 2. ശാസ്ത്രവും സമൂഹവും | സയൻസ് സെമിനാർ ശാസ്ത്ര ചുമർ നിർമ്മാണം | ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക | ആഗസ്റ്റ് സെപ്തംബർ | സയൻസ് ക്ലബ്ബ് ബി.ആർ.സി. | 10,000/- |
| 3. നൂതന ആശയങ്ങൾ | ശാസ്ത്രോത്സവം എക്സിബിഷൻ | ശാസ്ത്ര സംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കുവെക്കുക | ഒക്ടോബർ നവംബർ | സയൻസ് ക്ലബ്ബ് ബി.ആർ.സി. | 10,000/- |
| 4. പരീക്ഷണ നിരീക്ഷണങ്ങൾ | ഒരു നൂറ് പരീക്ഷണങ്ങൾ | കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | ഡിസംബർ ജനുവരി | ലാബ് വിദഗ്ധർ പിടിഎ | 15,000/- |
| 5. മികവ് | ടാലന്റ് ഫണ്ട് | മികച്ച ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | .വിദഗ്ധർ എസ്.എസ്.ജി. | 10,000/- |
| 6. ശാസ്ത്ര പുസ്തക നിർമ്മാണം | പാഠപുസ്തക രചന | ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഇന്റർനെറ്റ് കമ്പ്യൂട്ടർ പ്രിന്റർ | 10,000/- |

# സയൻസ് യു.പി. വിഭാഗം

| ശേഷി | പ്രവർത്തനം | കാലം / സമയം | ചുമതല | ഭൗതികം | ഹ്രസ്വം / ദീർഘം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. ശാസ്ത്രാഭിരുചി വളർത്തൽ | **ശാസ്ത്രകിറ്റ് തയ്യാറാക്കൽ**<br>യൂണിറ്റിലെ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്യുന്നതിനാവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്രകിറ്റ് തയ്യാറാക്കുന്നു. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ശാസ്ത്രകിറ്റ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ<br>ജൂലൈ | സയൻസ് അധ്യാപകർ | പി.ടി.എ. | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 2. ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക | **ശാസ്ത്രച്ചുമർ നിർമ്മാണം**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, കണ്ടെത്തലുകൾ, വാർത്തകൾ തുടങ്ങിയവ ഉപയോഗിച്ച് ചുമർ ആകർഷകമാക്കുന്നു. | ആഗസ്റ്റ്<br>സെപ്തംബർ | സയൻസ് അധ്യാപകർ<br>കുട്ടികൾ | സയൻസ് ക്ലബ്ബ് | ഹ്രസ്വം | സെൽഫ് |
| 3. നൂതന ആശയങ്ങൾ സമൂഹവുമായി പങ്കുവെക്കുന്നു. | **ശാസ്ത്രസംബന്ധിയായ പതിപ്പുകൾ**<br>ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് എക്സിബിഷൻ | ഒക്ടോബർ<br>നവംബർ | സയൻസ് ക്ലബ്ബ്<br>അധ്യാപകർ | പി.ടി.എ.<br>എസ്.എസ്. ജി. | ഹ്രസ്വം | ടീച്ചേഴ്സ് ഗ്രാന്റ് |
| 4. കുട്ടികളുടെ നിരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | **ഒരു നൂറ് പരീക്ഷണങ്ങൾ**<br>യു.പി. ക്ലാസ്സുകളിലെ ശാസ്ത്രാശയങ്ങളെ അടിസ്ഥാനമാക്കി ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഒരു വർഷംകൊണ്ട് നൂറ് പരീക്ഷണങ്ങൾ നടത്തുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനാശയങ്ങൾ കുട്ടികളിലെത്തിക്കാനും ശാസ്ത്രീയ മനോഭാവം വളർത്താനും ലക്ഷ്യമിടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>മികച്ച കുട്ടികൾ | എസ്.എസ്. ജി.<br>വിദഗ്ധർ | ദീർഘം | ടീച്ചേഴ്സ് ഗ്രാന്റ് |
| 5. ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന മികച്ച കുട്ടികൾക്ക് അധിക പരിശീലനം | **ടാലന്റ് ഫണ്ട്**<br>സയൻസിലെ മികച്ച കുട്ടികളെ കണ്ടെത്തി അധിക പരിശീലനത്തിലൂടെ നിലവാരമുയർത്തുന്നു. പാഠപുസ്തകരചന ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | വിദഗ്ധർ<br>എസ്.എസ്. ജി.<br><br>ഇന്റർനെറ്റ്<br>വിദ്ഗ്ധർ<br>കമ്പ്യൂട്ടർ<br>പ്രിന്റർ | ദീർഘം<br><br>ദീർഘം | സെൽഫ്<br><br>പി.ടി.എ. |
| 6. ശാസ്ത്രാഭിരുചി വളർത്തൽ - പങ്കാളിത്ത മനോഭാവവും തൊഴിലുകളിൽ പരിചയം വളർത്തുകയും ചെയ്യുക | സഹവാസ ക്യാമ്പ്<br>ശാസ്ത്ര താൽപര്യമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ക്യാമ്പ് നടത്തി. ബുക്ക് ബൈന്റിംഗ്, സോപ്പ് നിർമ്മാണം, കുട നിർമ്മാണം എന്നിവയിൽ പ്രാവീണ്യം നേടുക. | ഒക്ടോബർ<br>1 ആഴ്ച | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് അംഗങ്ങൾ, പി.ടി. എ. | 1 ആഴ്ച | പി.ടി.എ.<br>പൂർവ്വ വിദ്യാർത്ഥികൾ |
| മാലിന്യവിമുക്ത ജീവിതം നയിക്കാനുള്ള കഴിവ് നേടൽ | മാലിനിയ വിമുക്ത വിദ്യാലയം - ബോധവത്കരണക്ലാസ്സ്, ബോധവത്കരണ ബോർഡുകൾ സ്ഥാപിക്കൽ, അസംബ്ലി ചാലഞ്ച്, ഷാഡോ പോലീസ്, ബെസ്റ്റ് ക്ലാസ്സ് അവാർഡ് | 1 വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് അംഗങ്ങൾ<br>അധ്യാപകർ | ദീർഘം | പി.ടി.എ.<br>അധ്യാപകർ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |

# സയൻസ് യു.പി. വിഭാഗം

| ശേഷി | പ്രവർത്തനം | കാലം / സമയം | ചുമതല | ഭൗതികം | ഹ്രസ്വം / ദീർഘം | സാമ്പത്തികം |
|---|---|---|---|---|---|---|
| ശാസ്ത്ര സഭ | ആഴ്ചയിൽ ഒരു സഭ സമ്മേളിച്ച് ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക. ശാസ്ത്രകൗതുകങ്ങൾ അവതരിപ്പിക്കുക. ക്വിസ് മത്സരങ്ങൾ നടത്തുക. | 1 ആഴ്ച | സയൻസ് അധ്യാപകർ | സയൻസ് അംഗങ്ങൾ | ദീർഘം | സെൽഫ് |
